(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 8 ലിഫ്റ്റുകളും പഴക്കം ചെന്നവയാണ്. കാലപ്പഴക്കം കൊണ്ടും വോൾട്ടേജ് കുറവുകൊണ്ടും ലിഫ്റ്റുകളുടെ പ്രവർത്തനം തടസ്സപ്പെടുന്നുണ്ട്. ഇതിൽ 4 ലിഫ്റ്റുകൾ പുതുക്കുന്നതിന് ഗവൺമെന്റ് ഭരണാനുമതി നൽകിയതനുസരിച്ച് അതിനുള്ള ഓർഡർ നൽകിയിട്ടുണ്ട്. ഈ പണി തീർന്നാൽ വികാസ് ഭവനിലെ ലിഫ്റ്റുകളെ സംബന്ധിച്ച പരാതികൾക്ക് ഒരു പരിധി വരെ പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ വെയിറ്റിംഗ് ഷെഡ് പൊളിച്ചുമാറ്റിയ നടപടി

111 (3752) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ എഴുമാറ്റൂർ ഗ്രാമപഞ്ചായത്തിൽ സ്വാതന്ത്ര്യ ജൂബിലി സ്മാരകമായി നിർമ്മാണം പൂർത്തിയാക്കാറായ വെയിറ്റിംഗ് ഷെഡ് പൊതുമരാമത്ത് അധികൃതർ പൊളിച്ചുമാറ്റിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രോജക്ട് ജില്ല പ്ലാനിംഗ് സമിതി അംഗീകാരം നൽകിയതും കോയിപ്രം ബ്ലോക്ക് ബി. എൽ. ഇ. സി. സാങ്കേതികാനുമതിയും നൽകിയതുമാണെന്നിരിക്കെ ഈ നിർമ്മാണ പ്രവർത്തിക്ക് തടസ്സം നിന്നവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) വെയിറ്റിംഗ് ഷെഡിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനും പഞ്ചായത്തിനുണ്ടായ നഷ്ടം പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്തിന് നൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത വെയിറ്റിംഗ് ഷെഡ് പൊതുമരാമത്ത് വകുപ്പിന്റെ അനുവാദം വാങ്ങാതെയാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പണിതത്. പൊതുമരാമത്ത് വകുപ്പിന്റെ അനുവാദം വാങ്ങിയതിനു ശേഷമേ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കാവൂ എന്ന് പ്രസ്തുത പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഇപ്പോൾ തിരുവല്ല മുൻസിഫ് കോടതിയിൽ ഒ. എസ്. 452/91 എന്ന നമ്പരിൽ ഒരു കേസ് നടന്നുവരുന്നു.

(സി) പ്രസ്തുത കേസിന്റെ അന്തിമ വിധി അനുസരിച്ചു മാത്രമേ ഇതുസംബന്ധിച്ച് അനന്തര നടപടികൾ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly